കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B2/132/2025-SEC(1) തീയതി: **15-12-2025**

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തിരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും – പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പ്രതിജ്ഞയും ആദ്യയോഗവും - 1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട്, 2000-ത്തിലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരം അധികാരപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ട നടപടികൾ-മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട്.

2. 2000-ത്തിലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ.

3.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 11.12.2025-ലെ ബി2/132/2025-സം.തി.ക – പാർട്ട് (1) നമ്പർ ഉത്തരവ്.

1. 1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട്, 2000-ത്തിലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗം പ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കുന്ന ദിവസം താൻ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ സംഖ്യത്തിലോ ഉൾപ്പെട്ട അംഗമാണെന്നോ സ്വതന്ത്ര അംഗമാണെന്നോ അല്ലെങ്കിൽ അവയുടെ പിന്തുണയുള്ള അംഗമാണെന്നോയുള്ള വിവരം നൽകേണ്ടതാണ്.
2. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് യഥാവിധി തിരഞ്ഞെടുക്കപ്പെട്ട അംഗം ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ഉൾപ്പെട്ടതോ അല്ലെങ്കിൽ അവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ പിന്തുണയുള്ളതോ ആയ അംഗമാണോ, അല്ലെങ്കിൽ ഒരു രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ഉൾപ്പെടാത്ത സ്വതന്ത്രാംഗമാണോ എന്ന വിവരം, **അനുബന്ധം-1** ഫാറത്തിലുള്ള രജിസ്റ്ററിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സൂചന (3) പ്രകാരം ഈ ആവശ്യത്തിലേക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ അധികാരപ്പെടുത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായിട്ടുള്ളതാണ്. ഉത്തരവ് **അനുബന്ധം – 3** പ്രകാരം ഇതോടൊപ്പം നൽകിയിട്ടുണ്ട്.

3. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം, സൂചന (2) ചട്ടം 3(2) പ്രകാരം ഒരു രാഷ്ട്രീയ കക്ഷിയുടെയോ സഖ്യത്തിന്റെയോ സ്ഥാനാർത്ഥിയായോ അവയുടെ പിന്തുണയുള്ള സ്ഥാനാർത്ഥിയായോ തിരഞ്ഞെടുപ്പിൽ മത്സരിച്ച ഒരു വ്യക്തിയാണെങ്കിലോ, ഒരു രാഷ്ട്രീയകക്ഷിയുടെയോ ഒരു സഖ്യത്തിന്റെയോ പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയെന്ന നിലയിലോ, തിരഞ്ഞെടുപ്പിൽ മത്സരിച്ച ഒരു സ്വതന്ത്രനാണെങ്കിലോ അക്കാര്യം വെളിവാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് **അനുബന്ധം-2** സത്യപ്രസ്താവന നൽകേണ്ടതും അതനുസരിച്ച് പ്രസ്തുത അംഗം നൽകിയ വിവരങ്ങൾ രേഖപ്പെടുത്തി **അനുബന്ധം-1** പ്രകാരമുള്ള കക്ഷിബന്ധ രജിസ്റ്റർ സെക്രട്ടറി വച്ചുപോരേണ്ടതുമാണ്.
4. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളെയും സെക്രട്ടറിമാർ ആദ്യപ്രതിജ്ഞയ്ക്ക് മുമ്പായി മേൽ വിവരം അറിയിക്കേണ്ടതും അതിനാവശ്യമായ സത്യപ്രസ്താവന ഫാറങ്ങൾ അവർക്ക് നൽകേണ്ടതുമാണ്.
5. അംഗം പേര്,ഒപ്പ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ സത്യപ്രസ്താവന അത് താൻ അംഗമായി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കുന്ന ദിവസം തന്നെ ബന്ധപ്പെട്ട **തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക്** നൽകേണ്ടതാണ്;
6. അതനുസരിച്ച് പ്രസ്തുത അംഗത്തെ സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറി കക്ഷിബന്ധ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അംഗത്തിന്റെ ഒപ്പും സെക്രട്ടറിയുടെ ഒപ്പും അതിൽ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ച് പോരേണ്ടതുമാണ്.
7. മേൽപ്രകാരമുള്ള കക്ഷിബന്ധ രജിസ്റ്ററും രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തുന്നതിലേക്കായി അംഗങ്ങൾ ഒപ്പുവച്ച് ഹാജരാക്കുന്ന സത്യപ്രസ്താവനകളും, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഒരു ഫയലായി സ്വന്തം ഉത്തരവാദിത്വത്തിൽ, തന്റെ പക്കൽ തന്നെ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.
8. സൂചന (1) ആക്ടിലെ 3(1)-ാം വകുപ്പ് പ്രകാരം നിർണയിച്ചിട്ടുള്ള സന്ദർഭങ്ങളിൽ രാഷ്ട്രീയകക്ഷിയോ സഖ്യമോ അതിലുൾപ്പെട്ട അംഗത്തിന് രേഖാമൂലം നൽകുന്ന നിർദ്ദേശത്തിന്റെ പകർപ്പ് പ്രസ്തുത ആക്ടിലെ 3(2)-ാം വകുപ്പിലെ ക്ലിപ്ത നിബന്ധന അനുസരിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.
9. സൂചന (1) ആക്ട് 3(2)-ാം വകുപ്പിലെ ക്ലിപ്ത നിബന്ധന അനുസരിച്ച് ലഭിക്കുന്ന രേഖാമൂലമായ നിർദ്ദേശത്തിന്റെ (വിപ്പ്) പകർപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഫയൽ നമ്പറിട്ട് ഇതിലെ ക്രമനമ്പർ 7 പ്രകാരമുള്ള ഫയലിൽ ഭദ്രമായി

സൂക്ഷിച്ചുപോരേണ്ടതാണ്.

10. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ചാർജ്ജ് കൈമാറ്റം നടത്തുന്ന അവസരങ്ങളിൽ മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഓരോന്നും കൈമാറി നൽകിയതായി ചാർജ്ജ് കൈമാറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പ് വയ്ക്കേണ്ടതും അവയെല്ലാം സ്ഥിരരേഖകളായി ഭദ്രമായി സൂക്ഷിച്ചുപോരേണ്ടതുമാണ്.

A.SHAJAHAN
STATE ELECTION COMMISSIONER

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ഉപവരണാധികാരികൾക്കും

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

കമ്മീഷണറുടെ പി.എസ്

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

അംഗീകാരത്തോടെ,

Signed by
Prakash B S
Date: 15-12-2025 17:27:49

സെക്രട്ടറി

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

## അനുബന്ധം 1

ഫാറം 1

[3 (1)–ാം ചട്ടം കാണുക]

..........................................................................പഞ്ചായത്തിലെ / മുനിസിപ്പൽ കൗൺസിലിലെ / കോർപ്പറേഷൻ കൗൺസിലിലെ അംഗങ്ങളുടെ കക്ഷി ബന്ധം കാണിക്കുന്ന രജിസ്റ്റർ.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വാർഡ് | തിരഞ്ഞെടുക്കപ്പെട്ട തീയതി | തിരഞ്ഞെടുപ്പ് ചിഹ്നം | അംഗം സത്യപ്രസ്താവന നൽകിയ തീയതി | രാഷ്ട്രീയ കക്ഷിയിലെ അംഗമാണോ/സഖ്യത്തിലെ രാഷ്ട്രീയ കക്ഷിയുടെ അംഗമാണോ/ സഖ്യത്തിന്റെ പിന്തുണയുള്ള അംഗമാണോ/ സഖ്യത്തിൽപ്പെട്ട സ്വതന്ത്രാംഗമാണോ/ രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ പെടാത്ത സ്വതന്ത്രാംഗമാണോ എന്ന് | രാഷ്ട്രീയ കക്ഷിയിലെയോ/സംഖ്യത്തിലെയോ അംഗമാണെങ്കിൽ അഥവാ അതിന്റെ പിന്തുണയുള്ള അംഗമാണെങ്കിൽ, രാഷ്ട്രീയ കക്ഷിയുടെ/സംഖ്യത്തിന്റെ പേര് | സഖ്യത്തിലെ അംഗമാണെങ്കിൽ അതിലെ ആകെ അംഗങ്ങളുടെ എണ്ണം | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും | കൂറുമാറിയതിന് അയോഗ്യനാക്കപ്പെട്ട എങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| | | | | | | | | | | |

**അനുബന്ധം 2**

**ഫാറം – 2**

സത്യപ്രസ്താവന

[3–ാം ചട്ടം (2)–ാം ഉപചട്ടം കാണുക]

........................................................................ എന്ന ഞാൻ ........................................................ പഞ്ചായത്തിലേക്ക്/മുനിസിപ്പൽ കൗൺസിലിലേക്ക്/മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിലേക്ക് .................. എന്ന വാർഡിൽ നിന്ന് ................................. ൽ നടന്ന തിരഞ്ഞെടുപ്പിൽ ........................................................ എന്ന ചിഹ്നത്തിൽ

(എ)..................................................................എന്ന രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥിയായി /

(ബി)...................................................................... എന്ന രാഷ്ട്രീയകക്ഷിയുടെ പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായി/

(സി)..............................എന്ന സഖ്യത്തിന്റെ പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായി /

((ഡി)ഒരു രാഷ്ട്രീയ കക്ഷിയുടെയോ സഖ്യത്തിന്റെയോ പിന്തുണയില്ലാത്ത സ്വതന്ത്ര സ്ഥാനാർത്ഥിയായി,

മത്സരിച്ച് പഞ്ചായത്തംഗമായി / മുനിസിപ്പൽ / കോർപ്പറേഷൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

2. ഞാൻ ഉൾപ്പെടുന്ന ................................................................................... എന്ന സഖ്യത്തിൽ ....................................................................................... എന്ന രാഷ്ട്രീയ കക്ഷികൾ ഉൾപ്പെടുന്നു/ യാതൊരു രാഷ്ട്രീയ കക്ഷിയും ഉൾപ്പെടുന്നില്ല.

3. ഞാൻ ഉൾപ്പെടുന്ന സഖ്യത്തിലെ മറ്റംഗങ്ങൾ താഴെപ്പറയുന്നവരാണ്

(1). ശ്രീ. ........................................................................(.................................. വാർഡ് )

(ii). ശ്രീ. ........................................................................(.................................. വാർഡ് )

(iii). ശ്രീ. ........................................................................(.................................. വാർഡ് )

സ്ഥലം..............................

തീയതി..............................

ഒപ്പം പേരും വിലാസവും

---

കുറിപ്പ്: ആവശ്യമായത് ചേർക്കുക, ബാധകമല്ലാത്തത് വെട്ടിക്കളയുക.

**അനുബന്ധം 3**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി ഉത്തരവ്

(ഹാജർ : A.SHAJAHAN)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കക്ഷി ബന്ധം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നത് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ അധികാരപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നം.B2/132/2025-SEC-Part(1)** തീയതി: **11-12-2025**

**<u>ഉത്തരവ്</u>**

2000-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് യഥാവിധി തിരഞ്ഞെടുക്കപ്പെട്ട അംഗം ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ഉൾപ്പെട്ടതോ അല്ലെങ്കിൽ അവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ പിന്തുണയുള്ളതോ ആയ അംഗമാണോ, അല്ലെങ്കിൽ ഒരു രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ഉൾപ്പെടാത്ത സ്വതന്ത്രാംഗമാണോ എന്ന വിവരം, പ്രസ്തുത ചട്ടങ്ങളിലെ 1-ാം ഫാറത്തിലുള്ള രജിസ്റ്ററിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കക്ഷിബന്ധം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ അധികാരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

A.SHAJAHAN
STATE ELECTION COMMISSIONER

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്:

1. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
2. എല്ലാ വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
4. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
5. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
7. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
8. സ്റ്റാന്റിംഗ് കൗൺസിൽ
9. പി ആർ ഒ, സം.തി.ക
10. കമ്മീഷണറുടെ പി എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in